# തെങ്ങുകയറ്റത്തൊഴിലാളികളെ കിട്ടാൻ ഓൺലൈനിൽ അപേക്ഷിക്കാം

■ **സ്വന്തം ലേഖകൻ**
തിരുവനന്തപുരം

തെങ്ങുകയറാൻ ആളെ കിട്ടുന്നില്ലെങ്കിൽ വിഷമിക്കേണ്ട. തെങ്ങുകയറ്റത്തൊഴിലാളികൾക്കായി ഓൺലൈൻ ഡയരക്ടറി ആരംഭിച്ചു കഴിഞ്ഞു. തൊഴിലാളികൾക്കായി ഇനി ഓൺലൈനിലൂടെ അപേക്ഷിക്കാം. coconutboard.nic.in/friends-district.htm എന്ന ഓൺലൈൻ അഡ്രസിലാണ് ഇതു സംബന്ധിച്ച വിവരങ്ങളുള്ളത്. തെങ്ങുകയറ്റത്തൊഴിലാളികളുടെ ക്ഷാമം കണക്കിലെടുത്താണ് നാളികേര വികസന ബോർഡ് ഡയരക്ടറി ആരംഭിച്ചത്. പേരും വിലാസവും ഫോൺ നമ്പറും ഉൾപെടെയുള്ള വിവരങ്ങൾ ഡയരക്ടറിയൽ ഉണ്ടാകും.

ആവശ്യക്കാർക്ക് വിവരങ്ങൾ പരിശോധിച്ച് ഒരു ഫോൺ കോളിലൂടെ അതാതു ജില്ലയിൽ ഏറ്റവും അടുത്തുള്ള തൊഴിലാളിയുമായി ബന്ധപ്പെടാം. തൊഴിലാളികളെ ആവശ്യപ്പെട്ട് പത്രങ്ങളിൽ ഉൾപെടെ പരസ്യം വന്നിരുന്നു. 13,500 മുതൽ 15000 വരെ രൂപയായിരുന്നു വാഗ്ദാനം. തൊഴിലാളികൾ ഇല്ലാത്തതിനാൽ തന്നെ പലരും തെങ്ങുകൃഷിയിൽ നിന്ന് വിട്ടുപോകുന്ന സാഹചര്യമാണിപ്പോഴുള്ളത്. ഫ്രണ്ട്സ് ഓഫ് കോക്കനട്ട് എന്ന പേരിലാണ് ഓൺലൈൻ ഡയരക്ടറി തയാറാക്കിയത്. ജൂൺ 20നാണ് ഓൺലൈൻ റജിസ്ട്രേഷൻ ആരംഭിച്ചത്.

ചെറുപ്പക്കാരെ തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും മറ്റും സജ്ജമാക്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം. ഇതിനായി ബോർഡ് യുവാക്കൾക്കായി തെങ്ങുകയറ്റ പരിശീലന പരിപാടി സംഘടിപ്പിച്ചു വരികയാണ്. ആഴ്ചയിൽ 20 പേർക്കാണ് പരിശീലനം നൽകുന്നത്. 1600ഓളം തൊഴിൽരഹിതരായ യുവാക്കളാണ് ഇതിനോടകം പരിശീലന പരിപാടിയിൽ പങ്കെടുത്തത്. സംസ്ഥാനത്തൊട്ടാകെ 5000 പേർക്ക് ഇത്തരത്തിൽ പരിശീലനം നൽകാനാണ് ബോർഡ് ലക്ഷ്യമിടുന്നത്. തെങ്ങു കയറ്റ തൊഴിലിലേക്ക് സ്ത്രീകളെ കൂടി കൊണ്ടുവരാൻ ബോർഡ് ലക്ഷ്യമിടുന്നുണ്ട്. കൃഷി വിജ്ഞാൻ കേന്ദ്രയുടെ സഹായത്തോടെ, പരിശീലനം നേടുന്ന ഓരോ തൊഴിലാളികൾക്കുംഒരുലക്ഷം രൂപയുടെ പരിരക്ഷ ഏർപെടുത്തും.

18നും 40നും ഇടക്ക് പ്രായമുള്ളവർക്കാണ് പരിശീലനം നൽകുന്നത്. ഏഴാംക്ലാസാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. ഏതെങ്കിലും തരത്തിലുള്ള ശാരീരിക വൈകല്യങ്ങൾ ഉള്ളവരെ ഡയരക്ടറിയിൽ ഉൾപെടുത്തില്ല. ഓരോ ജില്ലയിലുമുള്ള തെങ്ങുകയറ്റത്തൊഴിലാളികളുടെ വിവരങ്ങൾ നൽകുന്നതിന് കുടുംബശ്രീ നെഹ്റു യുവക കേന്ദ്ര, നാളികേര കർഷക സഹായ സംഘങ്ങൾ, മറ്റു സ്വയം സഹായ സംഘങ്ങൾ എന്നിവക്ക് ബോർഡിനെ സഹായിക്കാം. ഇപ്പോഴത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് 15 കോടി തെങ്ങുകളാണുള്ളത്.

തൊഴിൽ രഹിതരും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരുമായ കുറച്ചു പേർക്ക് തൊഴിൽ നൽകുന്നതിന് ഇതു വഴി സാധിക്കും എന്നാണ് പ്രതിക്ഷിക്കുന്നത്.

30,000 തെങ്ങുകയറ്റക്കാരെയാണ് ആവശ്യമുള്ളത്. തെങ്ങിൽ കയറുന്ന രീതി, കീടനാശിനി നിയന്ത്രണം എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനം നേടുന്നവരിൽ 30 ശതമാനം സ്ത്രീകളെയും ഉൾപെടുത്താനാണ് തീരുമാനം. തെങ്ങുകയറ്റ മെഷീൻ കണ്ടുപിടിച്ചതിനാൽ തൊഴിലാളികൾക്ക് അനായാസം തെങ്ങിൽ കയറാൻ സാധിക്കും.

1200ൽ അധികം തെങ്ങുകയറ്റക്കാരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വെബ്സൈറ്റിൽ തിരുവനന്തപുരം ജില്ലയിൽ നൂറിലധികം പേരാണ് ഇതുവരെ റജിസ്റ്റർ ചെയ്തിട്ടുള്ളത്. റജിസ്ട്രേഷൻ ഇനിയും തുടരും.